

# പടിയൂർ
# സെന്റ് മേരീസ് ഇടവക

കല്പറമ്പ് ഇടവകയിൽപെട്ടിരുന്നതും ഗതാഗത സൗകര്യം നന്നേകുറഞ്ഞതുമായ ഈ പ്രദേശത്ത് പുരാതനമായ ഒരു കപ്പേള സ്ഥിതിചെയ്തിരുന്നു. പടിയൂർ പ്രദേശത്ത് ഒരു കുരിശുപള്ളിയെങ്കിലും ഉണ്ടാകേണ്ടത് അത്യാവശ്യമായി കരുതിയ പടിയൂരിലെ സമൂഹക്കാരും കല്പറമ്പ് ഇടവകക്കാരുമായ 14 കുടുംബനാഥന്മാർ 1927 ഡിസംബർ 10-ാംതിയ്യതി യോഗം ചേർന്ന് പഴയ കപ്പേള സ്ഥിതിചെയ്തിരുന്ന സ്ഥലം വിറ്റ് ഉചിതമായ മറ്റൊരു സ്ഥലം വാങ്ങാനും പണി ആരംഭിക്കാനും തീരുമാനിച്ചു. ഇക്കാര്യത്തിനുവേണ്ടി നായങ്കര കോഴിക്കാടൻ ലോനപ്പൻ ലോനപ്പൻ, ചിറമ്മൽ കോലങ്കണ്ണി ചാക്കു തോമൻ എന്നിവരെ കൈക്കാരന്മാരായി നിശ്ചയിച്ചു, അതനുസരിച്ച് സ്ഥലം വാങ്ങി. 1928 ജൂൺ 25-ാം തിയ്യതി കല്പറമ്പ് പള്ളി വികാരി ബഹു. പഴയാറ്റിൽ പത്രോസച്ചന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഇക്കാര്യം സംബന്ധിച്ചുള്ള മുൻ തീരുമാനവും നടപടികളും അംഗീകരിക്കുകയും ചെയ്തു.

## പള്ളി, സിമിത്തേരി

യോഗനിശ്ചയപ്രകാരം അന്നത്തെ തൃശ്ശൂർ രൂപതാമെത്രാൻ അഭിവന്ദ്യ ഫ്രാൻസിസ് വാഴപ്പിള്ളി പിതാവിന്റെ പക്കൽനിന്ന് അനുവാദം ലഭിക്കുകയും അദ്ദേഹത്തിന്റെ സാക്ഷ്യത്തോടെ കൊച്ചി ദിവാൻ പേഷ്കാർ മുമ്പാകെ കൊല്ലവർഷം 13.6.1104-ൽ സമർപ്പിച്ച ഹർജി സ്വീകരിച്ച് പള്ളിക്കും സിമിത്തേരിക്കുമുള്ള അനുവാദം ഓർഡർ നമ്പർ 252/R/1104 പ്രകാരം 22.5.1929-ൽ ലഭിച്ചു. തുടർന്ന് 1929 ജൂൺ മാസം 16-ാം തിയ്യതി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 17 വീട്ടുകാർ അവരവരുടെ കഴിവനുസരിച്ച് പള്ളിയുടെ നടത്തിപ്പിനുവേണ്ടി പത്രമേനി സംഖ്യ നിശ്ചയിക്കുകയും ഇതിനുവേണ്ട രേഖകൾ ബഹു. വികാരിയച്ചന്റെയും കൈക്കാരന്മാരുടെയും പേരിൽ എഴുതിക്കൊടുക്കുകയും ചെയ്തു.

പണികൾ പൂർത്തിയായപ്പോൾ 1930 ജനുവരി 9-ാം തിയ്യതി വ്യാഴാഴ്ച അഭിവന്ദ്യ പിതാവിന്റെ



വൈദിക മന്ദിരം

നിർദ്ദേശാനുസരണം കല്പറമ്പ് വികാരി ബഹു. പഴയാറ്റിൽ പത്രോസ് അച്ചന്റെയും മറ്റും നേതൃത്വത്തിൽ പള്ളിയും സിമിത്തേരിയും വെഞ്ചിരിച്ച് വി. കുർബാനയർപ്പിച്ചു. അന്നുതന്നെ വി. സെബസ്ത്യാനോസ് സഹദായുടെ തിരുനാളും ആഘോഷിച്ചു.

1928-ൽ പള്ളിപ്പണിയുടെ കാലഘട്ടം മുതൽ 1934 വരെ ഇവിടെ വികാരിയായി സേവനമനുഷ്ഠിച്ചത് പഴയാറ്റിൽ ബഹു. പത്രോസച്ചനായിരുന്നു. തുടർന്നുള്ള ഏതാനും വർഷം കല്പറമ്പ് പള്ളിയിലെ വികാരിമാർ തന്നെയാണ് ഇവിടെയും വികാരിമാരായിരുന്നത്. പിന്നീട് സൗകര്യാർത്ഥം ചേലൂർ, എടക്കുളം, പാദുവാനഗർ എന്നീ പള്ളികളിലെ വികാരിമാരും വിവിധ കാലങ്ങളിൽ ഇവിടെ വികാരിമാരായി ശുശ്രൂഷ ചെയ്തിട്ടുണ്ട്.

## പുതിയ പള്ളി

കാലക്രമത്തിൽ ഇടവകാംഗങ്ങൾ വർദ്ധിക്കുകയും സ്ഥലക്കുറവ് അനുഭവപ്പെടുകയും പള്ളിയോട് ചേർന്ന് നടപ്പുര പണിയുകയും കൂടാതെ, തെക്കുവശത്ത് രണ്ടുമുറികളോടുകൂടിയ ഒരു ഓഫീസ് കെട്ടിടവും പണിതീർത്തു. എന്നാൽ, 1979-ൽ പള്ളിയുടെ പഴക്കവും സ്ഥലപരിമിതിയും പരിഗണിച്ച് പുതിയ പള്ളി പണിയാൻ ബഹു. അഗസ്റ്റിൻ കോയിക്കരയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ബഹു. വിൻസെന്റ് ചാലിശ്ശേരിയച്ചൻ വികാരിയായിരുന്നപ്പോൾ പുതുക്കിയ പള്ളിയുടെ പണി പൂർത്തിയാക്കി. 1984 ജനുവരി 15-ാം തിയ്യതി ഞായറാഴ്ച ഇടവകത്തിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു.

## ദേവാലയ നവീകരണം

ക്രിസ്തുജയന്തി 2000-ന് മുമ്പുതന്നെ പള്ളിയുടെ അൾത്താരയ്ക്കും മുഖവാരത്തിനും മറ്റും നവീകരണം അത്യാവശ്യമായി തോന്നി. കൂടാതെ, പള്ളിയുടെ അറ്റകുറ്റപ്പണികളും സിമിത്തേരി നവീകരണവും അതോടൊപ്പം പരിഗണിച്ച് 10.10.1999-ൽ ബഹു. ലൂയിസ് പ്ലാശ്ശേരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഒരു പുനരുദ്ധാരണ കമ്മിറ്റിക്ക് രൂപം നല്കി. ബഹു. ജോയ് കടമ്പാട്ടച്ചൻ വികാരിയായിരുന്നപ്പോൾ നവീകരിച്ച പള്ളിയുടെയും സിമിത്തേരിയുടെയും വെഞ്ചിരിപ്പുർമ്മം അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ 6.12.2000- ൽ നിർവ്വഹിക്കുകയും പള്ളിയിൽ നിത്യസഹായമാതാവിന്റെ തിരുസ്വരൂപം സ്ഥാപിക്കുകയും ചെയ്തു.

## കപ്പേളകൾ

കപ്പേളയ്ക്കായി പടിയൂർ കോടംകുളം സെന്ററിൽ നായങ്കര കോഴിക്കാടൻ ഔസേപ്പ് മകൻ ജോർജ്ജ് എന്നയാൾ ദാനമായി നൽകിയ സ്ഥലത്ത് ബഹു. ജോബി പോഴോലിപറമ്പിൽ അച്ചൻ വികാരിയായിരുന്നപ്പോൾ 1993-ൽ ഒരു കുരിശടി സ്ഥാപിക്കുകയും, മാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിക്കുകയും ഉണ്ടായി.

നായങ്കര കോഴിക്കാടൻ തോമക്കുട്ടി ജോർജ്ജ് രൂപതയുടെ രജത ജൂബിലി വർഷത്തിൽ ഒരു കപ്പേള പണിയുന്നതിന് മുന്നോട്ടുവരികയും ബഹു. ബിനോയ് പൊഴോലിപറമ്പിൽ അച്ചന്റെ മേൽനോട്ടത്തിൽ പള്ളിയുടെ ഗേറ്റിന് സമീപം കപ്പേള പണിത് വേളാങ്കണ്ണി മാതാവിന്റെ രൂപം സ്ഥാപിക്കുകയും ചെയ്തു. ഈ കപ്പേളയും രൂപതയുടെ രജതജൂബിലി വർഷത്തിൽ ഭവനരഹിതർക്കായി നിർമ്മിച്ച് നല്കിയ വീടുകളുടെ താക്കോൽദാനകർമ്മം 13.2.2002-ൽ അഭിവന്ദ്യപിതാവ് നിർവ്വഹിച്ചു.



പരി. മാതാവിന്റെ സ്തംഭം



വേളാങ്കണ്ണിമാതാവിന്റെ കപ്പേള